ഉത്തരം

(എ) ഉണ്ട്.

(ബി) ദേശസാൽകൃത മേഖലകളിൽ യാത്രക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ സർവ്വീസ് ആരംഭിക്കുക എന്നതാണ് കോർപ്പറേഷന്റെ നയം. കണ്ണൂർ-ചാല-കോയ്യോട് ചക്കരക്കൽ ദേശസാൽകൃത മേഖലയിൽപ്പെടാത്തതുകൊണ്ടും വാഹനങ്ങളുടെ ദൗർലഭ്യം കാരണവും ബസ് സർവ്വീസ് അനുവദിക്കാൻ നിർവ്വാഹമില്ല.

പട്ടാമ്പി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

63 (1036)ശ്രീ. വി.കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ തുടങ്ങുവാൻ പട്ടാമ്പി പഞ്ചായത്ത് ബസ് സ്റ്റാന്റ് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കാഞ്ഞങ്ങാട് സബ് ഡിപ്പോ അനുവദിക്കുന്നതിന് നടപടി

64(1038)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജലഗതാഗത സംവിധാനം ആധുനിക വൽക്കരിക്കാനുള്ള പദ്ധതി

65 (1039)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത സംവിധാനം ആധുനിക വൽക്കരിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) നിലവിലുള്ള പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ ജലപാതകളിലിറക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ;

(സി) വാട്ടർ ട്രാൻസ്പോർട്ട് സംവിധാനമുപയോഗിക്കുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുവാനുതകും വിധം ബോട്ടുകൾ ഇൻഷ്വർ ചെയ്യാനും ടിക്കറ്റിൽ ഇൻഷ്വറൻസ് ചാർജ്ജ് കൂടി ഉൾപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly